## അൽഖദ്ർ
(നിർണയം)

سُورَةُ الْقَدْرِ

### അദ്ധ്യായം - 97

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

1. തീർച്ചയായും ഇതിനെ (ഖുർആനിനെ) നിർണ്ണയത്തിന്റെ രാത്രിയിൽ[1] അവതരിപ്പിച്ചിരിക്കുന്നു.

إِنَّآ أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ ١

2. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

وَمَآ أَدْرَىٰكَ مَا لَيْلَةُ ٱلْقَدْرِ ٢

3. നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.

لَيْلَةُ ٱلْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ ٣

4. മലക്കുകളും ആത്മാവും[2] അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു.

تَنَزَّلُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ ٤

5. പ്രഭാതോദയം വരെ അത് സമാധാനമത്രെ.

سَلَٰمٌ هِىَ حَتَّىٰ مَطْلَعِ ٱلْفَجْرِ ٥

## അൽബയ്യിനഃ
(വ്യക്തമായ തെളിവ്)

سُورَةُ الْبَيِّنَةِ

### അദ്ധ്യായം - 98

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

---

[1] വിശുദ്ധഖുർആൻ അവതീർണമായ–അല്ലെങ്കിൽ അവതരണമാരംഭിച്ച--രാത്രിയെ സൂറഃദുഖാനിൽ ലൈലഃമുബാറക: എന്നും, ഇവിടെ ലൈലത്തുൽ ഖദ്ർ എന്നും വിശേഷിപ്പിച്ചിരിക്കുന്നു. 'ഖദ്ർ' എന്ന പദത്തിന് നിർണ്ണയം എന്നും മഹത്വം എന്നും അർത്ഥമുണ്ട്. വിശുദ്ധ ഖുർആനിന്റെ അവതരണം മനുഷ്യ ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവാണ്. മാനവരാശിക്ക് മുഴുവൻ മാർഗദർശകമായി വിശുദ്ധ ഖുർആൻ അവതരിച്ച രാത്രിക്ക് മറ്റു രാത്രികൾക്കൊന്നും ഇല്ലാത്ത മഹത്വം അല്ലാഹു നൽകിയിരിക്കുന്നു. ഈ രാത്രി റമളാനിലാണെന്ന് വി.ഖു. 2:185ൽ നിന്ന് മനസ്സിലാക്കാം. റമളാനിലെ അവസാനത്തെ പത്തുരാത്രികളിലൊന്നാണ് അതെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു.

[2] ഇവിടെ 'റൂഹ്' (ആത്മാവ്) എന്ന പദം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ജിബ്‌രീൽ എന്ന മലക്കാണെന്നാണ് പ്രബലമായ അഭിപ്രായം.